# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*

No.171/PR/PIC/PHQ/18                                        Date : 08.07.2018

---

**പോലീസിൽ സാങ്കേതിക വൈദഗ്ധ്യം പ്രയോജനപ്പെടുത്താൻ പുതിയ സംവിധാനം ഒരുങ്ങുന്നു.**

പോലീസ് സേനയിൽ വിവിധ സാങ്കേതിക യോഗ്യതകൾ നേടിയവരുടെ വൈദഗ്ധ്യവും അനുഭവ പരിചയവും കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് സംവിധാനം ഒരുങ്ങുന്നു. ഇതിന്റെ ഭാഗമായി വിവിധ ബറ്റാലിയനുകളിലെ  സാങ്കേതിക യോഗ്യതകളുള്ള 152 സേനാംഗങ്ങളുമായി സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറയും മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരും ആശയവിനിമയം നടത്തി.

സംസ്ഥാന പോലീസ് സേനയിൽ  വിവിധ ബറ്റാലിയനുകളിൽ മാത്രമായി കോൺസ്റ്റബിൾ/ സിവിൽ പോലീസ് ഓഫീസർമാരുമായി 160 ഓളം പേരുണ്ട്. ഇവരിൽ 68 ബിടെക്കുകാരും, 22 എം ബി എ/ബി ബി എ ക്കാരും, 15 എം സി എ/ എം എസ് സി കമ്പ്യൂട്ടർ സയൻസുകാരും ഒരു എം ടെക് ബിരുദധാരിയും എട്ട് എൽ എൽ ബി/എൽ എൽ എം ബിരുദധാരികളും, ഒമ്പത് എംഫിൽ ബിരുധദാരികളും  13 പി ജി ഡി സി എ ക്കാരും ഉൾപ്പെടുന്നു.

സാധാരണ പോലീസ് ചുമതലകൾക്കപ്പുറം യോഗ്യതക്ക് അനുസരിച്ച് സാങ്കേതിക കഴിവുകൾ ആവശ്യമായ ചുമതലകൾ ഇവർക്ക് നൽകാനാണ് ഉദ്ദേശിക്കുന്നത്  ഇതിനായുള്ള ഒരു പ്രവർത്തനപരിപാടിക്ക് രൂപം നൽകി വരുകയാണെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ പറഞ്ഞു. “ ഓരോരുത്തരുടേയും യോഗ്യതയും കഴിവും അനുസരിച്ചുള്ള പ്രവർത്തനങ്ങളിൽ വിന്യസിക്കാൻ കഴിഞ്ഞാൽ സേനാംഗങ്ങളിൽ നിന്ന് കൂടുതൽ മികച്ച പ്രകടനം പോലീസിന് ലഭ്യമാകും. ഇത്തരത്തിലുള്ള മനുഷ്യവിഭവശേഷി വിന്യാസത്തിനാണ് ഇപ്പോൾ ശ്രമിക്കുന്നത്. ഈ അനുഭവം വിലയിരുത്തി കേരള പോലീസ് ഒരു ടെക്നിക്കൽ കേഡർ ഭാവിയിൽ രൂപീകരിക്കുക എന്നതും ലക്ഷ്യമാണ്. അതിലേയ്ക്കുള്ള ആദ്യചുവടുവയ്പ്പാണിത്” സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

സൈബർ ഫോറൻസിക്, വിവിധ ഐ ടി അധിഷ്ഠിത പ്രവർത്തനങ്ങൾ, സൈബർ കുറ്റാന്വേഷണം, നിയമസഹായം, വിവിധ പദ്ധതികളുടെ നടത്തിപ്പ്, നവമാധ്യമപ്രവർത്തനങ്ങൾ തുടങ്ങിയ മേഖലകളിലാണ് സാങ്കേതിക/പ്രൊഫഷണൽ വൈദഗ്ധ്യമുള്ളവരെ നിയമിക്കുന്നത്. ആംഡ് പോലീസ് ബറ്റാലിയൻ ഡി ഐ ജി ഷെഫീൻ അഹമ്മദിനെ ഇതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും സംസ്ഥാന പോലീസ് മേധാവി ചുമതലപ്പെടുത്തിയിട്ടുണ്ട്.

*************